"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ് - പോലീസ് വകുപ്പ് - കേരള പോലീസ് അക്കാദമിയിലെ കുളങ്ങൾ വികസിപ്പിച്ചതിന്റെ ഭാഗമായി നിക്ഷേപിച്ചിട്ടുള്ള മണ്ണ് ലേലം ചെയ്യുന്നതിന് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2493/2026/HOME

തീയതി,തിരുവനന്തപുരം, 28-07-2026

---

പരാമർശം:- 1) സ.ഉ ( സാധാ) നം. 624/202/അഗ്രി. തീയ്യതി 01/07/2020.

2) സംസ്ഥാന പോലീസ് മേധാവിയുടെ 23.05.2026 തീയതിയിലെ എച്ച്1-183192/2025/പി.എച്ച്.ക്യു. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള പോലീസ് അക്കാദമിയിലെ കുളം ആഴം കൂട്ടുന്നതിനും, നവീകരിക്കുന്നതിനുമായി സർക്കാരിൽ നിന്നും പരാമർശം (1) പ്രകാരം ഭരണാനുമതി ലഭിച്ചതനുസരിച്ച്, കുളത്തിൽ നിന്നും നീക്കം ചെയ്ത് സമീപ പ്രദേശത്ത് നിക്ഷേപിച്ച മണ്ണ് അവിടെ നിന്നും നീക്കം ചെയ്യേണ്ടതുണ്ടെന്നും കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ പ്രസ്തുത മണ്ണിന്റെ അളവ് 10412.175 $m^3$ ആണെന്ന് നിശ്ചയിച്ചിട്ടുണ്ടെന്നും, പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ മണ്ണിന്റെ വില ഒരു ക്യൂബിക് മീറ്ററിന് 430/- രൂപ നിരക്കിൽ മണ്ണിന്റെ ആകെ മൂല്യം 44,77,235.25/- രൂപ വരുമെന്നേ അറിയിച്ചിട്ടുണ്ടെന്നും പരാമർശിത കത്തു പ്രകാരം സംസ്ഥാന പോലീസ് മേധാവി അറിയിച്ചിരുന്നു. റവന്യൂ ഡിവിഷണൽ ഓഫീസറുടേയും മൈനിംഗ് & ജിയോളജി വകുപ്പിന്റെയും അനുമതി പ്രസ്തുത വിഷയത്തിൽ ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ കേരള പോലീസ് അക്കാദമിയിലെ കുളങ്ങൾ വികസിപ്പിച്ചതിന്റെ ഭാഗമായി നിക്ഷേപിച്ചിട്ടുള്ള 10412.175 $m^3$ മണ്ണ് പ്രസ്തുത സ്ഥലത്തു നിന്നും ലേലം നടത്തി നീക്കം ചെയ്യുന്നതിന് അനുമതി നൽകണമെന്ന് സംസ്ഥാന പോലീസ് മേധാവി അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. റവന്യൂ ഡിവിഷണൽ ഓഫീസറുടേയും മൈനിംഗ് & ജിയോളജി വകുപ്പിന്റെയും അനുമതിയുടെയും പൊതുമരാമത്ത് വകുപ്പിന്റെ വാല്യുവേഷന്റെയും അടിസ്ഥാനത്തിൽ, കേരള പോലീസ് അക്കാദമിയിലെ കുളങ്ങൾ വികസിപ്പിച്ചതിന്റെ ഭാഗമായി നിക്ഷേപിച്ചിട്ടുള്ള 10412.175 $m^3$ മണ്ണ് സർക്കാർ മാനദണ്ഡങ്ങൾ പാലിച്ച് ലേലം ചെയ്യാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BYJU KUMAR S

ജോയിന്റ് സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ), കേരളം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്. (17.07.2026 ലെ വ്യയം-എ3/527/2026/ധന (ഇ.3557453) പ്രകാരം)

ഡയറക്ടർ, ഐ.&പി.ആർ.ഡി. ( വെബ് &ന്യൂ മീഡിയ)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Digitally signed by
DIVYA R S
Date: 28-07-2026
15:27:09

സെക്ഷൻ ഓഫീസർ